സുനാമിയും കയർ മേഖലയുടെ നഷ്ടവും

150 [2771] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി കടലാക്രമണം സംസ്ഥാനത്തെ കയർ മേഖലയെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ പ്രദേശങ്ങളിൽ ബാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) എന്തു തുകയുടെ നഷ്ടം സംഭവിച്ചുവെന്നും നഷ്ടപരിഹാരം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ; നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ട് എത്ര ഹർജികളാണ് കയർ വികസന വകുപ്പിന് ലഭിച്ചതെന്നും പ്രസ്തുത ഹർജികളിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്നുകൂടി വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ആലപ്പുഴ ജില്ലയിലെ കായംകുളം പ്രോജക്ടിലെ വലിയഴീക്കൽ, പെരുമ്പള്ളി, ആറാട്ടുപുഴ, വട്ടച്ചാൽ, കണ്ടല്ലൂർ, തൃക്കുന്നപ്പുഴ, തൊണ്ടലിക്കുന്നിൽ കടവ്, നെടുമണ്ണേൽ കടവ്, ചിറക്കടവ്, പള്ളിക്കടവ്, കണ്ടപുരം, വരിക്കോലിക്കര, പുല്ലുകുളങ്ങര, അന്ധകാരനഴി എന്നീ കയർ സഹകരണ സംഘങ്ങൾക്കും കൊല്ലം ജില്ലയിലെ, കൊല്ലം പ്രോജക്ടിൽ ഉൾപ്പെടുന്ന ആലപ്പാട്, മരുതൂർ കുളങ്ങര, അയനി വേലിക്കുളങ്ങര, വാഴക്കൂട്ടത്തിൽ കടവ്, കാട്ടിൽക്കടവ്, കരുനാഗപ്പള്ളി, പള്ളിക്കടവ്, പുതുമണ്ണേൽക്കടവ്, പണ്ടാരത്തുരുത്ത്, തുറയിൽക്കുന്ന്, പനമ്പിൽക്കടവ് എന്നീ കയർ സഹകരണ സംഘങ്ങൾക്കും തൃശൂർ പ്രോജക്ടിലെ അഴിക്കോട്, പറമ്പിക്കുളം, എൽതുരുത്ത്, കാവിൽക്കടവ്, പൊയ്യ, കൊടുങ്ങല്ലൂർ, മുനയ്ക്കൽക്കടവ് എന്നീ കയർ വ്യവസായ സഹകരണ സംഘങ്ങൾക്കും കോഴിക്കോട് പ്രോജക്ടിലെ കടലുണ്ടി, മേലടി, തിക്കോടി എന്നീ കയർ സഹകരണ സംഘങ്ങൾക്കുമാണ് സുനാമി ദുരന്തം മൂലം നഷ്ടം സംഭവിച്ചത്.

(ബി) സുനാമി ദുരന്തം മൂലം കയർ സഹകരണ മേഖലയിൽ 16,94,407 രൂപയുടെ നഷ്ടവും സ്വകാര്യ മേഖലയിൽ 93,56,681 രൂപയുടെ നഷ്ടവും ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. മരണമടഞ്ഞ കയർ തൊഴിലാളികളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപവീതം ധനസഹായം നൽകിയിട്ടുണ്ട്. ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞിരുന്നവർക്ക് 1000 രൂപ വീതം നൽകിയിട്ടുണ്ട്. മരിച്ച കയർ തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ക്ലെയിമായി 25,000 രൂപ വീതം നൽകുന്നതിന് കയർ ബോർഡിന് അപേക്ഷ നൽകിയിട്ടുണ്ട്. മരണമടഞ്ഞ കയർ തൊഴിലാളികളിൽ ഒരാളുടെ ആശ്രിതർക്ക് കേരളാ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 5000 രൂപ നൽകിയിട്ടുണ്ട്. നഷ്ട പരിഹാരം നൽകണമെന്നാവശ്യപ്പെട്ട് രണ്ട് ഹർജികൾ സർക്കാരിലും നാല് ഹർജികൾ കയർ ഡയറക്ടറേറ്റിലും നൂറിൽപ്പരം അപേക്ഷകൾ കേരള കയർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിനും ലഭിച്ചിട്ടുള്ളതും ആയതിൻമേൽ നടപടി സ്വീകരിച്ചു വരുന്നതുമാകുന്നു. കൂടാതെ, കയർ മേഖലയിൽ ഉണ്ടായ നഷ്ടം സംബന്ധിച്ച കയർ വികസന ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് 6-2-2005-ൽ ഡിസാസ്റ്റർ മാനേജ്മെന്റ് സെക്രട്ടറിക്ക്, ആവശ്യമായ നടപടിക്കായി അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly